"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. സലിം.കെ.എസ്-ന് അനുവദിച്ചിരുന്ന പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സാധൂകരിച്ച നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.235/2024/F&WLD തീയതി,തിരുവനന്തപുരം, 20-05-2024.

---

പരാമർശം:-

1. 20.03.2019 ലെ സ.ഉ.(സാധാ) നം. 127/2019/വനം നമ്പർ ഉത്തരവ്.
2. പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ 27.03.2021 തീയതിയിലെ E1-8438/2018 നമ്പർ നടപടിക്രമം.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05.02.2022, 15.07.2022, 19.08.2022, 20.11.2023 തീയതികളിലെ എച്ച്2/995/2019 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വനം വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ.എസ്. സലീമിന് ടിയാന്റെ ഭാര്യയുടെ കാൻസർ ചികിത്സാർത്ഥം **7,00,000/-** രൂപ പലിശരഹിത വായ്പ അനുവദിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു. ടിയാന്റെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ പരിശോധിച്ച് **5,17,171/-** രൂപ അനുവദനീയമാണെന്ന് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ബാക്കി തുകയായ **1,82,829/-**രൂപ ടിയാൻ ട്രഷറിയിൽ ചെലാൻ ആയി ഒടുക്കുകയും ചികിത്സാ ബില്ലുകൾ സർക്കാരിലേയ്ക്ക് സമർപ്പിച്ച് ക്രമപ്പെടുത്തുന്നതിന് പകരം പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ പരാമർശം **(2)** പ്രകാരം ആയത് ക്രമപ്പെടുത്തുകയും ചെയ്യുകയുണ്ടായി. തുടർന്ന് സർക്കാർ തലത്തിൽ പലിശരഹിത വായ്പ ക്രമീകരിച്ചു നൽകുന്നതിനായി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം **(3)** പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശ്രീ. കെ.എസ്. സലീമിന് അനുവദിച്ചിരുന്ന പലിശരഹിത വായ്പ സർക്കാർ തലത്തിൽ

ക്രമീകരിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അസ്സൽ ബില്ലുകളും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകളും തിരികെ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ തേക്കടി റേഞ്ചിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ.എസ്. സലീമിന്റെ ഭാര്യയുടെ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സയ്ക്കായി, പരാമർശം (1) പ്രകാരം അനുവദിച്ച 7,00,000/- രൂപയുടെ വായ്പയിൽ, വിവിധ ക്ലെയിമുകളിലായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ച ആകെ അനുവദനീയത തുകയായ 5,17,171/- രൂപ കിഴിക്കുമ്പോൾ അവശേഷിക്കുന്ന തുകയായ 1,82,829/- രൂപ അപേക്ഷകൻ ട്രഷറിയിൽ അടവാക്കി ചെലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിച്ച പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സാധൂകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ശ്രീ. സലിം.കെ.എസ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ),കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (08.05.2024 ലെ 1128718/ലോൺസ്-എൽ3/134/2019-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 20-05-2024 16:58:56